LIBRARY ARCHIVES Kerala Legislative Assembly

കേപ്പ് ജീവനക്കാരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ച

92 (7928) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേപ്പ് സ്റ്റാഫ് അസോസിയേഷൻ 2012 ഡിസംബർ ഒന്നു മുതൽ 2013 ജനുവരി മൂന്നു വരെ കേപ്പ് ഹെഡ് ഓഫീസിന് മുന്നിൽ നടത്തിയ സമരത്തിന്റെ പശ്ചാത്തലത്തിൽ 3-1-2013-ൽ ജീവനക്കാരുടെ പ്രതിനിധികളുമായി കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി ;

(സി) ഏതൊക്കെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ല ; കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേപ്പിലെ വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 3-1-2013-ൽ കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. സ്റ്റാഫ് നഴ്സ്, ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് പരിയാരം മെഡിക്കൽ കോളേജിൽ ഇപ്പോൾ നിലവിലുള്ള നിരക്കിൽ ശമ്പള വർദ്ധനവ് അനുവദിക്കാൻ തീരുമാനിച്ചു.

2. ചില തർക്കങ്ങളുടെ പശ്ചാത്തലത്തിൽ അപേക്ഷ നൽകിയ പ്രകാരം സ്ഥലം മാറ്റപ്പെട്ട ശ്രീ. ചെമ്പക് കുമാർ (അസിസ്റ്റന്റ് പ്രൊഫസർ) തുടങ്ങിയ നാല് ജീവനക്കാർക്ക് അവർക്കെതിരെ അച്ചടക്ക നടപടി നിലവിലില്ലെങ്കിൽ മറ്റ് ജീവനക്കാർക്ക് അസൗകര്യം ഉളവാക്കാത്ത രീതിയിൽ വേക്കൻസി പൊസിഷൻ അനുസരിച്ച് നേരത്തെ ജോലി ചെയ്തിരുന്ന കോളേജിലല്ലാതെ സ്ഥലംമാറ്റം അനുവദിക്കാൻ തീരുമാനിച്ചു.

3. കേപ്പിൽ നിലവിലുള്ള ലീവ് സറണ്ടർ അവകാശം 20-ൽനിന്ന് 25 ദിവസമായി ഉയർത്താൻ തീരുമാനിച്ചു.

4. ജീവനക്കാരുടെ വ്യക്തിപരമായ ഭവന, വാഹന, ചികിത്സാ ആവശ്യങ്ങൾക്കായി അവരുടെ തിരിച്ചടക്കുന്നതിലുള്ള കഴിവ് കണക്കിലെടുത്തുകൊണ്ട് ലയബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ തീരുമാനിച്ചു.

5. റേഡിയേഷനുമായി ബന്ധപ്പെട്ട ആശുപത്രി ജീവനക്കാർക്ക് ശമ്പളത്തോടുകൂടി ഒരു വർഷം 15 ദിവസത്തെ റേഡിയേഷൻ ലീവ്, അതുമൂലം ഉണ്ടാകുന്ന ഒഴിവ് ഇന്റേണൽ അറേഞ്ച്മെന്റ് വഴി പരിഹരിച്ച് പ്രവർത്തിക്കണമെന്ന വ്യവസ്ഥയോടെ അനുവദിക്കാൻ തീരുമാനിച്ചു

6. ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് 28-2-2013-ന് മുമ്പായി പ്രസിദ്ധീകരിക്കാനും അതിനുമേലുള്ള തടസ്സവാദങ്ങൾ 31-3-2013 വരെ സ്വീകരിക്കാനും യോഗത്തിൽ ധാരണയായി.

(ബി & സി) പ്രസ്തുത തീരുമാനങ്ങളെല്ലാം നടപ്പിലാക്കി.

സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾ

93 (7929) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി സഹകരണ സംഘങ്ങൾ വ്യാപകമായി രജിസ്റ്റർ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2014 വരെ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു ; അവ ഏതെല്ലാം ; ഓരോന്നിന്റെയും വിശദാംശം നൽകുമോ ;

(സി) പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത സംഘങ്ങൾ ലാഭത്തിലാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് നൽകിയത് ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) ഓരോ തരം സംഘങ്ങളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ബൈലോയിൽ ഉൾക്കൊള്ളിച്ച് ചില സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തുന്നതിനും 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം വകുപ്പ് 13 എ-യിൽ ഓരോ സംഘത്തിന്റേയും ബൈലോ വ്യവസ്ഥകൾ കേരള സഹകരണ സംഘം

LIBRARY ARCHIVES Kerala Legislative Assembly